
ALL UNIONS AND
ASSOCIATIONS OF BSNL (AUAB)
KOZHIKODE
കരിദിനം
2020 ഒക്ടോബർ 1
ബി.എസ്.എൻ.എൽ
4 ജി സേവനം ഉടൻ ആരംഭിക്കുക
ബി എസ് എൻ എൽ 4 ജി ടെൻഡർ
റദ്ദുചെയ്ത കേന്ദ്ര സർക്കാർ
നടപടിയിൽ ഞങ്ങൾ പ്രതിഷേധിക്കുന്നു.
ബി എസ് എൻ എൽ
പുനരുദ്ധാരണം ത്വരിതപ്പെടുത്തുക
ബി എസ് എൻ എൽ വളർച്ചയിൽ
സർക്കാർ മാർഗതടസ്സം സൃഷ്ടിക്കരുത്


ALL UNIONS & ASSOCIATIONS OF BSNL
KANNUR
കരിദിനം
2020 ഒക്ടോബർ 1
BSNL 4G സേവനം ഉടൻ ആരംഭിക്കുക.
BSNL 4G ടെൻഡർ റദ്ദുചെയ്ത കേന്ദ്രസർക്കാർ നടപടിയിൽ പ്രതിഷേധിക്കുക.
BSNL പുനരുദ്ധാരണ നടപടികൾ ത്വരിതപ്പെടുത്തുക.
BSNL വളർച്ചയിൽ സർക്കാർ മാർഗ്ഗ തടസ്സം സൃഷ്ടിക്കരുത്.
നിരാഹാര ധർണ്ണ
2020 ഒക്ടോബർ 1, രാവിലെ 10 മണി മുതൽ
കണ്ണൂർ ടെലിഫോൺ ഭവൻ പരിസരത്ത്
ഉദ്ഘാടനം: സ: ടി.വി.രാജേഷ് (MLA)


ALL UNIONS AND
ASSOCIATIONS OF BSNL (AUAB)
PALAKKAD.
ഒക്ടോബർ 1
കരിദിനം/ഏകദിന
നിരാഹാര സത്യാഗ്രഹം
* BSNL 4G സേവനം ഉടൻ ആരംഭിക്കുക.
* BSNL പുനരുദ്ധാരണം ത്വരിതപ്പെടുത്തുക.
* BSNLന്റെ വളർച്ചയിൽ കേന്ദ്ര സർക്കാർ മാർഗ്ഗതടസ്സം സൃഷ്ടിക്കരുത്.
* BSNL ന്റെ 4G ടെണ്ടർ റദ്ദ് ചെയ്ത കേന്ദ്ര സർക്കാർ നടപടിയിൽ ഞങ്ങൾ പ്രതിഷേധിക്കുന്നു.
BSNLEU, SNEA, NFTE, AIBSNLEA, FNTO, SEWABSNL


2020 ഒക്ടോബർ 1
കരിദിനം
BSNL 4G ടെൻഡർ റദ്ദ്ചെയ്ത
കേന്ദ്രസർക്കാർ നടപടിയിൽ
ഞങ്ങൾ പ്രതിഷേധിക്കുന്നു
BSNL 4G സേവനം
ഉടൻ ആരംഭിക്കുക
BSNL പുനരുദ്ധാരണം
ത്വരിതപ്പെടുത്തുക
BSNL വളർച്ചയിൽ കേന്ദ്രസർക്കാർ
മാർഗ്ഗതടസ്സം സൃഷ്ടിക്കരുത്
ALL UNIONS/ASSOCIATIONS OF BSNL
(AUAB) Thiruvananthapuram


ALL UNIONS & ASSOCIATION OF BSNL

# നിരാഹാര സമരം

**2020 ഒക്ടോബർ 01**

രാവിലെ 10 മണിക്ക് കോട്ടയത്ത്

ഉദ്ഘാടനം: സ:സുരേഷ് കുറുപ്പ് MLA

സഖാവെ/സുഹൃത്തേ

BSNL പുനരുദ്ധാരണ പാക്കേജിന്റെ ആദ്യ പടി എന്ന നിലയിൽ രാജ്യത്ത് 79000 ത്തിലധികം ജീവനക്കാർ VRS ലൂടെ 2020 ജനുവരി 31നു പുറത്തുപോയി .അതിനു മാനേജ്മെന്റ് പറഞ്ഞിരുന്നത് വരുമാനത്തിൻറ 80% ജീവനക്കാർക്ക് ശമ്പളം കൊടുക്കുവാൻ ചെലവിടുന്നു അതുകൊണ്ടു ജീവനക്കാരുടെ എണ്ണം കുറച്ചാൽ BSNL ലാഭത്തിലാകും അതിനുശേഷം 4G അനുവദിക്കും എന്നായിരുന്നു റിവൈവെൽ പാക്കേജിൽ സൂചിപ്പിച്ചിരുന്നത്. എന്നാൽ 4G സേവനത്തിനു അനുബന്ധ ഉപ കരണങ്ങൾ വാങ്ങുന്നതിനായി BSNL ക്ഷണിച്ച 9300 കോടി രൂപയുടെ ടെൻഡർ ഇന്ത്യാ ഗവൺമെന്റിന്റെ സമ്മർദ്ദത്തെ തുടർന്നു റദ്ദു ചെയ്തിരിക്കുന്നു. ടെലികോം സേവനരംഗം കടുത്ത മത്സരങ്ങളുടെ സുപ്രധാനമായ ഒരു ഘട്ടത്തിൽ എത്തി നില്ക്കുന്ന ഈ സാഹചര്യത്തിൽ 4G ഇല്ലാതെ നമുക്കു മുന്നോട്ടു പോകാനാവില്ല. നിലവിലുള്ള 3G ഉപയോഗിച്ച് BSNL 2ലക്ഷം പുതിയ വരിക്കാരെ ചേർത്ത് മികച്ച നേട്ടം കൈവരിച്ചു. മറ്റു ടെലികോം കമ്പനികൾക്ക് 47 ലക്ഷം വരിക്കാരെ നഷ്ടപ്പെട്ടു. റിലയൻസ് ജിയോയ്ക്ക് പ്രധാന എതിരാളി BSNL ആയതുകൊണ്ട് റിലയൻസിനു എതിരാളിയില്ലാതെ മുന്നേറുന്നതിനു വേണ്ടിയാണ് BSNL നു 4G നല്കാതെ ചിറകരിയുന്നത്. ഇന്ത്യൻ ടെലികോം മേഖലയാകെത്തന്നെ റിലയൻസിന്റെ കാൽക്കീഴിലാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ ഗൂഢനീക്കത്തിന്റെ ഭാഗമാണെന്ന് നിസംശയം പറയാൻ കഴിയും.

BSNL ൻറ പുനരുദ്ധാരണവും BSNL – ലിൽ 4G സേവനം നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും 4G ടെൻഡർ അട്ടിമറിച്ച കേന്ദ്ര സർക്കാർ നടപടിയിൽ പ്രതിഷേധിച്ചു കൊണ്ടും BSNL ലിലെ പ്രധാന ട്രേഡു യൂണിയനുകളായ BSNLEU, SNEA, AIBSNLEA , NEBSNLW (FNTO), NFTE സംഘടനകൾ രാജ്യവ്യാപകമായി BSNL രൂപീകരണ ദിനമായ 2020 ഒക്ടോബർ 01 ന് കരിദിനാചരണവും നിരാഹാര സമരവും നടത്തുന്നു .

കേവലം 1500 കോടി രൂപമുടക്കിയാൽ 4G സാങ്കേതിക വിദ്യയിലേക്കു മാറ്റാൻ കഴിയുന്ന 49300 BTS-കൾ BSNL നു സ്വന്തമായുണ്ട് .ഇതോടൊപ്പം നിലവിലുള്ള മൊബൈൽ ടെൻഡർ വഴി 1500 BTS കൾ കൂടി സ്ഥാപിക്കുന്നതോടെ 64300 BTS കൾ വഴി രാജ്യത്താകമാനം 4G സേവനം നല്കാൻ BSNL ലിനു കഴിയും എന്നിരിക്കെ മാനേജ്മെന്റ് ഇക്കാര്യ ത്തിൽ കാട്ടുന്ന അനാസ്ഥ കോർപ്പറേറ്റ് ഭീമൻമാരെ സഹായിക്കാൻ വേണ്ടി കേന്ദ്ര സർക്കാർ എടുക്കുന്ന നിലപാടിനോടുള്ള അനുഭാവമാണെന്നാണ് നമ്മൾ മനസ്സിലാക്കേണ്ടത്. ഈ അനാസ്ഥയിലും കെടുകാര്യസ്ഥതയിലും പ്രതിഷേധിച്ചുകൊണ്ട് 2020 ഒക്ടോബർ 01 നു രാവിലെ 10 മണിക്ക് കോട്ടയത്ത് BSNL ജനറൽ മാനേജരുടെ ഓഫീസിനു മുന്നിൽ നടക്കുന്ന നിരാഹാര സമരം **സ:സുരേഷ് കുറുപ്പ്** MLA ഉദ്ഘാടനം ചെയ്യുന്നതാണ് . തദവസരത്തിൽ വിവിധ ട്രേഡ് യൂണിയൻ നേതാക്കൾ സമരത്തെ അഭിവാദ്യം ചെയ്തു സംസാരിക്കും **കരിദിനാചരണവും നിരാഹാരസമരവും** കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചും സാമൂഹ്യ അകലം പാലിച്ചും നടക്കും.

സമരപരിപാടികൾ വിജയപ്രദമാക്കുവാൻ മുഴുവൻ തൊഴിലാളി സുഹൃത്തുക്കളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു

30.09.2020 കോട്ടയം

അഭിവാദനങ്ങളോടെ

പി.ആർ സാബു,
സെക്രട്ടറി BSNLEU

ബിജു പൗവ്വത്ത്
സെക്രട്ടറി SNEA

കെ. അനിത
സെക്രട്ടറി AIBSNLEA

വിൻസെന്റ് പി.ഐ
സെക്രട്ടറി NUBSNLW (FNTO)

സാബു എം യോഹന്നാൻ
സെക്രട്ടറി NFTE

